**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3636** **02-03-2023 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമ ലംഘനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിന് സംസ്ഥാനത്തെ വിവിധ റോഡുകളിൽ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം ക്യാമറകളിൽ അമിത വേഗത റെക്കോർഡ് ചെയ്യപ്പെടുന്ന വാഹനങ്ങൾക്കെതിരെ ചാർജ്ജ് മെമ്മോ തയ്യാറാക്കുകയും ലൈസൻസ് സസ്പെന്റ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമിത വേഗതയുടെ ഭവിഷ്യത്തുകളെക്കുറിച്ച് റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. കൂടാതെ നിയമലംഘനങ്ങൾ അധികമായി കണ്ടുവരുന്ന സാഹചര്യങ്ങളിൽ അതിനെതിരെ സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരുന്നുണ്ട്. |
| (ബി) | പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും, എതിരെ വരുന്ന ഡ്രൈവർമാരുടെ കണ്ണ് അടപ്പിക്കുന്ന ഹൈ ബീം ലൈറ്റും ഉപയോഗിച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | വാഹനങ്ങളിൽ അനധികൃതമായി ലൈറ്റുകൾ ഘടിപ്പിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തുകയും നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓപ്പറേഷൻ ഫോക്കസ് എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും ഇത്തരത്തിലുള്ള സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം ലൈറ്റുകൾ ഘടിപ്പിച്ച വാഹനങ്ങളുടെ നമ്പറുകൾ പൊതു ജനങ്ങൾ മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിനായുള്ള പൊതുനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വാഹനങ്ങളുടെ നിയമലംഘനങ്ങളെക്കുറിച്ച് ഓരോ ജില്ലയിലേയും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ നമ്പറിലേക്ക് WhatsApp സന്ദേശം അയയ്ക്കാവുന്നതാണെന്ന വിവരം മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ